**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3935** **09-10-2025 - ൽ മറുപടിയ്ക്ക്**

**ജന്തുക്ഷേമ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജന്തുക്ഷേമ ബോർഡ് പുനഃസംഘടിപ്പിച്ച് ഏപ്രിൽ മാസം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആരെല്ലാമാണ് അംഗങ്ങൾ; ബോർഡിന്റെ ഘടന വിശദമാക്കാമോ; ഏതെങ്കിലും അംഗങ്ങളെ ഇനിയും ബോർഡിൽ നോമിനേറ്റ് ചെയ്യാനുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>16/04/2025 ലെ ജി.ഒ(എം.എസ്) നം. 17/2025/AHD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ജന്തുക്ഷേമ ബോർഡ് പുന:സംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെയും അതിലെ അംഗങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. അനിമൽ വെൽഫെയൽ ബോർഡ് ഓഫ് ഇൻഡ്യ (AWBI) യുടെ 2 പ്രതിനിധികളെക്കൂടി സംസ്ഥാന ജന്തുക്ഷേമബോർഡിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. |
| (ബി) | കേന്ദ്ര ബോർഡിനും സംസ്ഥാന ബോർഡിനും ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ടോ; എത്ര നാളാണ് ഒരു ബോർഡിന്റെ കാലാവധി; കഴിഞ്ഞ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ബോർഡിനും സംസ്ഥാന ബോർഡിനും ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഒരു ബോർഡിന്റെ കാലാവധി മൂന്ന് വർഷമാണ്.<br><br>കഴിഞ്ഞ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. എബിസി സർജറി ചെയ്യുന്നതിന് ഒരു വെറ്ററിനറി സർജ്ജൻ 2000 എബിസി സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം എന്ന കേന്ദ്രസർക്കാരിന്റെ റൂൾ ഭേദഗതി വരുത്തിയിട്ടുണ്ട് .<br><br>2. സംസ്ഥാനത്ത് തെരുവ് നായ്ക്കളിൽ പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് സെപ്റ്റംബർ, 2022 മുതൽ നടത്തിവരുന്നു. തെരുവ് നായ്ക്കളുടെ വാക്സിനേഷൻ നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പും മിഷൻ റാബീസുമായി ധാരണാപത്രം ഒപ്പുവെയ്ക്കുകയും ബഹു. മൃഗസംരക്ഷണവകുപ്പ് മന്ത്രി 01.03.2023 ന് "റാബീസ് ഫ്രീ തിരുവനന്തപുരം' പദ്ധതി ഉദ്ഘാടനം നടത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | 3. സ്റ്റേറ്റ് അനിമൽ വെൽഫയർ ബോർഡിന് വെബ്സൈറ്റ് ആരംഭിക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>4. നാട്ടാന പരിപാലവുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് സൗത്ത് സോണിലെ 14 വെറ്ററിനറി സർജ്ജന്മാർക്ക് എലിഫെന്റ് സ്ക്വാഡിൽ പരിശീലനം ലഭ്യമാക്കി. നോർത്ത് സോണിലും സെൻട്രൽ സോണിലും ട്രെയിനിംഗ് അടിയന്തിരമായി നൽകുന്നതിന് വനം വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.<br><br>5. 2023-24 വർഷത്തിൽ എല്ലാ ജില്ലകളിലും മൃഗക്ഷേമ അവാർഡുകളും, സെമിനാറുകളും നടത്തി. സംസ്ഥാനതലത്തിൽ മൃഗക്ഷേമ ദ്വൈവാരാചരണം കൊല്ലം ജില്ലയിൽ വച്ച് നടന്നു.<br><br>6. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പക്ഷി മൃഗാദികൾ കടന്നുവരുന്ന അഞ്ച് ചെക്ക്പോസ്റ്റുകളായ കുമിളി, കോഴിപ്പാറ, ഗോപാലപുരം, മീനാക്ഷിപുരം, മുതലമട എന്നീ അഞ്ച് സ്ഥലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജ്ജന്മാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>7. സംസ്ഥാനത്ത് നിലവിലുള്ള അംഗീകൃത മൃഗക്ഷേമ സംഘടനകളുമായി യോഗം ചേരുകയും ജില്ലകളിൽ നടക്കുന്ന മൃഗക്ഷേമ പ്രവർത്തനങ്ങൾ അനിമൽ ഫീഡിംഗ്, അനിമൽ അഡോപ്ഷൻ, എബിസി പദ്ധതി, തെരുവ്നായ്ക്കളുടെ വാക്സിനേഷൻ, അനിമൽ റസ്ക്യൂ, അനിമൽ ഷെൽട്ടർ എന്നീ പ്രവർത്തനങ്ങളിൽ നിലവിലുള്ള അംഗീകൃത മൃഗക്ഷേമ സംഘടനകളുമായി ജില്ലാതലത്തിൽ മീറ്റിംഗ് കൂടുന്നതിന് തീരുമാനിക്കുകയും ചെയ്തു.<br><br>8. സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം,തൃശ്ശൂർ,പാലക്കാട്, കോഴിക്കോട് വയനാട്,കണ്ണൂർ എന്നീ ജില്ലകളിൽ എസ്.പി.സി.എ. (സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ്) രൂപീകരിക്കുകയും പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു. |
| (സി) | സംസ്ഥാന ബോർഡ് പുനഃസംഘടിപ്പിച്ച ശേഷം എത്ര യോഗങ്ങൾ ചേർന്നു; എന്തെല്ലാം കാര്യങ്ങളാണ് ചർച്ച ചെയ്തത്; സംസ്ഥാനത്തെ | (സി) | 16/04/2025 ലെ ജി.ഒ(എം.എസ്) നം. 17/2025/AHD നമ്പർ ഉത്തരവ് പ്രകാരം പുന:സംഘടിപ്പ സംസ്ഥാന ജന്തുക്ഷേമ ബോർഡിന്റെ |

| | | | |
|---|---|---|---|
| | തെരുവുനായശല്യം, തെരുവുനായ്ക്കളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ബോർഡ് ചർച്ച ചെയ്തോ; മുൻപ് ചർച്ച ചെയ്തിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഈ വിഷയത്തിൽ ബോർഡ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | യോഗം ചേർന്നിട്ടില്ല. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ 2 പ്രതിനിധികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് യോഗം ഉടനെ ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Animal Husbandry Department - Reconstitution of State Animal Welfare Board - Orders issued - reg

## ANIMAL HUSBANDRY (G) DEPARTMENT

G.O.(Ms)No.17/2025/AHD Dated,Thiruvananthapuram, 16-04-2025

Read 1 G.O (Ms) No.25/2021/AHD dated 27/08/2021
2 G.O (Ms) No. 37/2021/2021/AHD dated 11/10/2021
3 Letter No. AHD/6281/2024-E dated 23/09/2024 from the Director, Animal Husbandry Department.

## ORDER

As per the Government Order read as 1 st paper above, Government reconstituted the State Animal Welfare Board with Hon'ble Minister, Animal Husbandry Department, Kerala as the Chairman and the Director of Animal Husbandry Department as the convenor.

2. As per the Government order read as 2nd paper above, the order has been modified including the members nominated by the Animal Welfare Board of India.

3. The Director, Animal Husbandry Department as per the letter read as 3rd paper above, has requested Government to reconstitute the State Animal Welfare Board, as the tenure of the Animal Welfare Board expired on 27/08/2024.

4. Government have examined the matter in detail and are pleased to reconstitute the State Animal Welfare Board with the following members.

| Sl No | Name/Designation & address of the member | Status |
|---|---|---|
| 1 | Minister for Animal Husbandry & Dairy Development Department, Kerala | Chairman |
| 2 | Sri, K. Radhakrishanan M.P, Vadakkevilappil (H), Thonoorkkara (P.O), Chelakkara, THrissur | Member |
| 3 | Sri. V. R Sunilkumar MLA, Vattapparambil (H), Pullutth (P.O), Kodungallur | Member |
| 4 | Additional Chief Secretary, Home Department | Member |
| | Additional Chief Secretary, Forest & Wildlife | |

| | | |
|---|---|---|
| 5 | Department | Member |
| 6 | Additional Chief Secretary, LSGD | Member |
| 7 | Principal Secretary, Transport Department | Member |
| 8 | Secretary, Animal Husbandry Department | Member |
| 9 | Director, Animal Husbandry Department | Member (Convenor) |
| 10 | Chief Wildlife Warden, Forest Department, Government of Kerala | Member |
| 11 | District Collector, Thiruvananthapuram | Member |
| 12 | President, Kerala Veterinary Council | Member |
| 13 | Dean, College of Veterinary & Animal Sciences, Mannuthy | Member |
| 14 | Smt. Geetha Nazir,<br>Sindhooram, Venkulam, Edava<br>Representative of District Panchayat | Member |
| 15 | Sri. Honey Benjamin,<br>Sandraden, Kavadippuram Nagar, Asramam, Kollam - 17<br>Representative of Municipal Corporation | Member |
| 16 | Sri. K. T Augustine,<br>NRA-95, Pandurkkara, Thrissur<br>Member from Animal Welfare Activists | Member |
| 17 | Sri. E C Satheesan,<br>Prasillam, Cherootty Road, Kozhikode<br>Member from Animal Welfare Activists | Member |
| 18 | Dr. R Venugopal<br>Krishnavilasam Bunglow, Peyad, Thiruvananthapuram<br>Member from Animal Welfare Activists | Member |
| 19 | Nominee of Animal Welfare Board of India | Member |
| 20 | Nominee of Animal Welfare Board of India | Member |

(By order of the Governor)
SHIBU A T
ADDITIONAL SECRETARY

To:
All Members
Secretary, Department of Animal Husbandry, Dairying & Fisheries, Government of India, GoI (with CL)
Chairperson, Animal Welfare Board of India. (with CL)
Director, Animal Husbandry Department
Chief Conservator of Forests, Thiruvananthapuram
Director of Public Relations, Thiruvananthapuram
Principal Accountant General (A&E), Kerala, Thiruvananthapuram
Finance Department
I & PR(Web and New Media) Department
Stock File / Office copy (G3/155/2024-AH)

Forwarded /By order

Section Officer

Copy to:- PS to Honorable Minister, AH&DD
CA to the Secretary, AH&DD
CA to the Additional Secretary, AH&DD